Deshabhimani
12/06/2020

പ്രാദേശികം

TVM

# ഇലക്ട്രിക് കാർ ഫ്ലാഗ് ഓഫ് ചെയ്തു

**തിരുവനന്തപുരം**

സംസ്ഥാന ഊർജ വകുപ്പിന് കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ കേരള പുതുതായി വാങ്ങിയ ഇലക്ട്രിക് കാർ മന്ത്രി എം എം മണി ഫ്ലാഗ് ഓഫ് ചെയ്തു.

പെട്രോൾ– ഡീസൽ ഉപയോഗം ഉണ്ടാക്കുന്ന മലിനീകരണം കുറയ്ക്കാനും അതുവഴി ആഗോളതാപനം ചെറുക്കാനും സംസ്ഥാന സർക്കാർ പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുന്നു.

ഇതിന്റെ ഭാഗമായാണ് ഇലക്ട്രിക് വാഹനം വാങ്ങിയത്. ശബ്ദ മലിനീകരണവും വളരെ കുറവാണ്. ഫുൾ ബാറ്ററി ചാർജിലൂടെ ഏകദേശം 400– 500 കിലോമീറ്റർ വരെ സഞ്ചരിക്കാനാകും.

എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാറും പങ്കെടുത്തു.



എനർജി മാനേജ്മെന്റ് സെന്റർ കേരള വാങ്ങിയ ഇലക്ട്രിക് കാർ മന്ത്രി എം എം മണി ഫ്ലാഗ് ഓഫ് ചെയ്യുന്നു